Passed on: 7/12/15

# 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 സെപ്റ്റംബർ 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർവ്വകലാശാല" എന്നാൽ,—

(i) 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിന്റെ (1971-ലെ 33) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള കാർഷിക സർവ്വകലാശാല ; അല്ലെങ്കിൽ

(ii) 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല; അല്ലെങ്കിൽ

(iii) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കോഴിക്കോട് സർവ്വകലാശാല; അല്ലെങ്കിൽ

KNPP. 1253/2015.

(iv) 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ (1985-ലെ 12) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട മഹാത്മാ ഗാന്ധി സർവ്വകലാശാല; അല്ലെങ്കിൽ

(v) 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (1986-ലെ 31) 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(vi) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിന്റെ (1994-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; അല്ലെങ്കിൽ

(vii) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിന്റെ (1996-ലെ 22) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കണ്ണൂർ സർവ്വകലാശാല; അല്ലെങ്കിൽ

(viii) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിന്റെ (2005-ലെ 27) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല; അല്ലെങ്കിൽ

(ix) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 3) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല; അല്ലെങ്കിൽ

(x) 2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 4) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(xi) 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല; അല്ലെങ്കിൽ

(xii) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ (2013-ലെ 24) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല; അല്ലെങ്കിൽ

(xiii) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (2015-ലെ 17) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല;

എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "അനദ്ധ്യാപക തസ്തിക" എന്നാൽ ബന്ധപ്പെട്ട സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമുള്ള അനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു.

3. <u>പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.</u>—(1) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലാ ആക്റ്റുകളിലും അവയ്ക്കു കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും റെഗുലേഷനുകളിലും ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി ജീവനക്കാരെ നിയമിക്കുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ഒരു സർവ്വകലാശാല, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന സംഗതിയിൽ കമ്മീഷൻ ആ കാര്യത്തിൽ സർവ്വകലാശാലയ്ക്ക് ഉപദേശം നൽകേണ്ടതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും സർവ്വകലാശാലയും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുന്നപക്ഷം സർവ്വകലാശാല ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും സർവ്വകലാശാലയുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സർവ്വകലാശാല അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും കാര്യം;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും കാര്യം;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2015-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ കാര്യങ്ങളോ എടുത്ത ഏതെങ്കിലും നടപടിയോ നടപടികളോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.